## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4260 — 28/06/2012 -ൽ മറുപടിക്ക്

## ചാത്തന്നൂർ മണ്ഡലത്തിൽ റ്റി.ആർ.പി. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

(എ) ചാത്തന്നൂർ മണ്ഡലത്തിൽ റ്റി.ആർ.പി. പദ്ധതിപ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച തുകയിൽ ഇനിയും പണി പൂർത്തീകരിച്ച് തുക ചെലവഴിക്കാത്ത എത്ര സ്കൂളുകളാണ് ഉള്ളതെന്നും സ്കൂളുകളുടെ പേരും തുകയും ഉൾപ്പെടെ അറിയിക്കുമോ;

(എ) 3 സ്കൂളുകൾ പണി പൂർത്തിയാക്കിയിട്ടില്ല.

| സ്കൂളിന്റെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|
| ഗവ: എച്ച്.എസ് പരവൂർ | 26,80,000 | 2,80,000 |
| ഗവ.യു.പി.എസ്. കുറുമണ്ടൽ | 10,00,000 | 2,41,036 |
| മുൻസിപ്പൽ യു.പി.എസ്. ആയിരവല്ലി | 20,50,000 | 4,00,166 |

(ബി) റ്റി.ആർ.പി. പദ്ധതിപ്രകാരമുള്ള തുക വിനിയോഗിക്കുന്നതിലേക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്നാണ്; ഈ സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തത് കുറ്റകരമായ അനാസ്ഥയാണെന്നുള്ള വിവരം സർക്കാരിന് ബോദ്ധ്യമുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സർക്കാർ സ്വീകരിക്കും;

(ബി) സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ തീരേണ്ട അവസാന തീയതി 31.12.2011 ആയി നിശ്ചയിച്ചിരുന്നു. ഭൂരിഭാഗം പ്രവൃത്തികളും ഈ കാലയളവിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നിയമ തടസ്സമുള്ളതും തദ്ദേശീയ പ്രശ്നങ്ങൾകൊണ്ട് തടസ്സപ്പെട്ടതുമായ ചില പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കൂടുതൽ സമയം നൽകിയിട്ടുണ്ട്.

(സി) റ്റി.ആർ.പി. പദ്ധതിപ്രകാരം തുക അനുവദിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാർ വച്ച് പണി ആരംഭിക്കുകയും ചെയ്ത ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുവാൻ നിയമം അനുവദിക്കുന്നുണ്ടോ; അതിലേക്ക് ആവശ്യമായ തുക പ്രസ്തുത പദ്ധതിയിൽ ശേഷിക്കുന്നുവോ; മേൽ നടപടി എന്താണ്;

(ഡി) ഈ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചശേഷവും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിലേയ്ക്ക് നടപടി സ്വീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പറയുന്നത് ന്യായീകരിക്കത്തക്കതാണോ ; ഈ വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തുടർന്നുവരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേയ്ക്ക് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ ?

(സി), (ഡി) & (ഇ)

സുനാമി പുനരധിവാസ പദ്ധതി പ്രകാരം 65.10 കോടി രൂപയാണ് പൊതുവിദ്യാഭ്യാസ വകുപ്പിന് വിവിധ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളത്. ഈ തുക പൂർണ്ണമായും ഇതിനകം തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി പ്രകാരം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി, സാങ്കേതികമായ സംശയങ്ങൾ, ഫണ്ടിന്റെ വിനിയോഗം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. .

സെക്ഷൻ ഓഫീസർ